**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ - വിതരണം ചെയ്യാത്ത പെൻഷൻ തുക തിരികെ അടവാക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ.(എംഎസ്) നം.133/2022/ധന** **തീയതി, തിരുവനന്തപുരം, 29/07/2022**

പരാമർശം :- 15.03.2022-ൽ ചേർന്ന യോഗ തീരുമാനം.

## ഉത്തരവ്

പ്രതിമാസ പെൻഷൻ വിതരണത്തിനുശേഷം വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുകയുടെ റികൺസിലിയേഷൻ സാധ്യമാകാത്ത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ, ഇൻഫർമേഷൻ കേരള മിഷൻ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവരുടെ പ്രതിനിധികളുമായി പരാമർശം പ്രകാരം മീറ്റിംഗ് നടത്തുകയുണ്ടായി. പെൻഷൻ വിതരണത്തിനായി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിൽ വ്യവസ്ഥചെയ്യുന്ന പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്കും എസ്.ബി അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്തു നൽകുന്ന തുകയിൽ, വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ടവർ നിശ്ചിത സമയപരിധിക്കുള്ളിൽ കമ്പനിയുടെ അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ഇതിനായുള്ള ഡാറ്റാ എൻട്രി കൃത്യമായി നടത്താത്തതും കാരണം തിരിച്ചടയ്ക്കപ്പെടുന്ന തുക സംബന്ധിച്ച് കണക്കുകൾ കൃത്യമാണോ എന്ന് യഥാസമയം പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കാതെ വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം വിതരണം ചെയ്യാത്ത തുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചടക്കാനുള്ള നിർദ്ദേശം പഞ്ചായത്ത് വകുപ്പും, പ്രാഥമിക കാർഷിക/ മറ്റ് സഹകരണ സംഘങ്ങളും, വിവിധ ക്ഷേമനിധി ബോർഡുകളും കൃത്യമായി പാലിക്കേണ്ടതും തിരികെ അടവാക്കുന്ന തുക സംബന്ധിച്ച ഡാറ്റാ എൻട്രി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതും അനിവാര്യമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ (10 ദിവസത്തിനുള്ളിൽ) വിനിയോഗിക്കാത്ത തുക തിരികെ അടയ്ക്കപ്പെടുന്നുവെന്ന് പഞ്ചായത്ത് വകുപ്പും സഹകരണ വകുപ്പും ഉറപ്പാക്കണം.

ii. നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്ക ശേഷം പണം തിരികെ അടയ്ക്കുന്നതിനുള്ള സംവിധാനം മരവിപ്പിക്കുകയും/ അസാധുവാക്കുകയും തിരിച്ചടവിന്റെ തുടർ എൻട്രികൾ നടത്താൻ കഴിയാത്ത തരത്തിലും സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തണം.

iii. അനുവദിച്ചിട്ടുള്ള 10 ദിവസത്തിനു ശേഷം തുക തിരികെ അടയ്ക്കുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (KSSPL) മാനേജരുടെ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ തുക ഓൺലൈനായി മാത്രമേ തിരിച്ചടയ്ക്കാൻ കഴിയൂ. ഓൺലൈൻ വഴി പണം അടവാക്കുന്നതിന് അംഗീകാരം നൽകുന്നതിനുതകുന്ന തരത്തിൽ KSSPL മാനേജർക്ക് SEVANA-യിൽ പ്രവേശനാനുമതി നൽകേണ്ടതാണ്.

iv. ഒരു പ്രത്യേക മാസത്തേക്കുള്ള റീഫണ്ടിനായി ഒരു സ്ഥാപനത്തിന്/സഹകരണ സംഘത്തിന് ഒന്നിലധികം എൻട്രികൾ ഒരു സാഹചര്യത്തിലും അനുവദിക്കില്ല

v. മുൻ മാസത്തെ വിതരണം ചെയ്യാത്ത തുകയുടെ തിരിച്ചടവ് പൂർത്തിയായാൽ മാത്രമേ അടുത്ത മാസത്തേക്കുള്ള ഫണ്ട് വിതരണം സാധ്യമാകൂ. കാലതാമസത്തിനനുസരിച്ച് പ്രതിവർഷം 7.5% പലിശ ഈടാക്കുന്നതും ടി തുക ബന്ധപ്പെട്ട സഹകരണ സംഘത്തിന് അനുവദിക്കേണ്ട അടുത്ത ഗഡു ഇൻസെന്റീവിൽ നിന്ന് കിഴിവ് ചെയ്യുന്നതുമായിരിക്കും. ഏതെങ്കിലും ഒരു മാസം ഒരു ദിവസത്തെ കാലതാമസം ഉണ്ടായാലും ഒരു മാസത്തിനു തത്തുല്യമായ പലിശ ഈടാക്കുന്നതായിരിയ്ക്കും.

vi. വിനിയോഗിക്കാത്ത തുക തിരികെ അടവാക്കിയത് സംബന്ധിച്ച ആവശ്യമായ എൻട്രികൾ സേവന സോഫ്റ്റ് വെയറിൽ പൂർത്തിയാക്കുന്ന സഹകരണ സംഘങ്ങൾക്ക് മാത്രമേ ഭാവിയിൽ ഇൻസെന്റീവ് അനുവദിക്കുകയുള്ളൂ.

vii. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകൾ നിശ്ചിത തീയതിക്കുള്ളിൽ വിതരണം ചെയ്യാത്ത പെൻഷൻ തുക തിരിച്ചടക്കേണ്ടതും തൊട്ടടുത്ത മാസത്തെ പെൻഷൻ പ്രൊപ്പോസലിനോടൊപ്പം മുൻ മാസത്തെ പെൻഷൻ തുകയുടെ വിനിയോഗ സാക്ഷ്യപത്രം (Utilisation Certificate) ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം സാക്ഷ്യപത്രം സമർപ്പിക്കാത്ത ക്ഷേമനിധി ബോർഡുകൾക്ക് തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ തുക അനുവദിക്കുന്നതല്ല. തിരിച്ചടയ്ക്കാത്ത തുക അടുത്ത മാസത്തെ പെൻഷൻ വിഹിതത്തിൽ നിന്നും ഖണ്ഡിക 2(v) ൽ പ്രതിപാദിച്ച തരത്തിലുള്ള പലിശ സഹിതം കിഴിവ് ചെയ്യുന്നതും, ബാക്കി തുക മാത്രം അനുവദിക്കുന്നതുമായിരിക്കും.

viii. വിതരണം ചെയ്യാത്ത പെൻഷൻ തുക യഥാസമയം തിരികെ അടയ്ക്കാത്ത സഹകരണ സംഘങ്ങളുടെയും ക്ഷേമനിധി ബോർഡുകളുടെയും വിവരങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എല്ലാമാസവും 20-ാം തീയതിക്കുള്ളിൽ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിനെ അറിയിക്കേണ്ടതാണ്.

ix. അനുവദിക്കപ്പെടുന്ന പെൻഷൻ തുകയുടെ അനുരഞ്ജന പ്രക്രിയ പൂർത്തിയാക്കുന്നതിനായി സർക്കാരിന്റെയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെയും ആവശ്യങ്ങൾക്കനുസൃതമായി സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്ന റിപ്പോർട്ടുകൾ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

x. മരിച്ച വ്യക്തികൾക്കുള്ള പെൻഷൻ കൈമാറ്റം ചെയ്യാതിരിക്കാൻ, മരണപ്പെടുന്ന ഗുണഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്ന നടപടി കാലവിളംബം കൂടാതെ പൂർത്തിയാകുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ ഉറപ്പാക്കണം.

xi. സർക്കാരിൽ നിന്നും അധിക തുക അനുവദിക്കുന്നത് ഒഴിവാക്കാനായി എല്ലാ മാസവും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചുള്ള തുക മാത്രമേ ലഭ്യമാകുന്നുള്ളൂ എന്ന് സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പാക്കേണ്ടതാണ്.

xii. സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് മുകളിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് സേവന സോഫ്റ്റ് വെയറിൽ ഐ.കെ.എം ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

3. മുകളിൽ വിശദീകരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ഓഫീസ് പകർപ്പ് (ഫയൽ നം.1545274/എസ് എഫ് സി ബി2/2020/ധന)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ